I. ഇ.ബി. XV1-കേരള നിയമസഭ/II-7

പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 27, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പോലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസന

മി. സ്പീക്കർ: പോലീസ് സേനയിൽ അക്രമവാസന വർധിച്ചുവരുന്നതും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരപരാധികളായ ആളുകളെ മർദിച്ച് പരിക്കേൽപ്പിക്കുന്നതും വർക്കലയിൽ പ്രായപൂർത്തിയാകാത്ത കുട്ടിയെ ഭീകരമായി മർദിച്ചതുംമൂലം ജനങ്ങളിൽ ഉണ്ടായിട്ടുള്ളതായ ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ എ. സി. മൊയ്തീൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം വർക്കല സ്വദേശിയായ അൽ അമീൻ എന്ന വ്യക്തിയെ മർദിച്ചത് സംബന്ധിച്ച കേസന്വേഷണത്തിനിടെ സംശയത്തിന്റെ പേരിൽ കസ്റ്റഡിയിലെടുത്ത പ്രായപൂർത്തിയാകാത്ത കുട്ടിയെ പോലീസ് മർദിച്ചുവെന്ന മാതാവിന്റെ പരാതി വർക്കല ഡിവൈ.എസ്.പി. അന്വേഷിച്ചുവരുന്നു. കുട്ടിയെ കസ്റ്റഡിയിലെടുത്ത സബ് ഇൻസ്പെക്ടറെ സ്ഥലം മാറ്റിയിട്ടുണ്ട്. ചേരാനല്ലൂരിലെ വാഹനാപകടത്തിൽ ഒരാൾ മരണപ്പെട്ട സംഭവത്തിൽ പ്രതിക്കെതിരെ കുറ്റകരമായ നരഹത്യക്ക് കേസെടുക്കാത്തത് ഡി.ജി.പി.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എഫ്.ഐ.ആർ.-ൽ പ്രസക്തമായ

വകുപ്പുകൾ ചേർക്കാതിരിക്കുകയും സംഭവ ദൃശ്യം ഫോണിൽനിന്നും മായ്ച്ചുകളയാൻ ശ്രമിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പ്രതിക്ക് ജാമ്യം അനുവദിച്ച ജൂവനൈൽ മജിസ്ട്രേറ്റിന്റെ നടപടിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രതിക്ക് പ്രായപൂർത്തിയാകാത്തതിനാൽ പ്രതിയുടെ പിതാവും വാഹന ഉടമയുമായ ജഡ്ജിക്കെതിരെ കേസെടുക്കുകയും വിവരം ഹൈക്കോടതി രജിസ്ട്രാറെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. എ. സി. മൊയ്തീൻ: പോലീസ് സ്റ്റേഷനുകളിൽ ഇരട്ട നീതിയും സമീപനവുമാണ് സ്വീകരിക്കുന്നത്. എറണാകുളം ചേരാനല്ലൂരിൽ ഡ്രൈവിങ് ലൈസൻസില്ലാതെ കാറോടിച്ച് ഒരാളെ കൊലപ്പെടുത്തിയ സംഭവത്തിൽ നിസ്സാര വകുപ്പുകൾ ചുമത്തി അഡീഷണൽ ജഡ്ജിയുടെ മകനായ പ്രതിക്ക് ജാമ്യം അനുവദിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചിരിക്കുന്നത്. പ്രദേശവാസികൾ മൊബൈൽ ഫോണിൽ പകർത്തിയ അപകട ദൃശ്യം പോലീസ് ഉദ്യോഗസ്ഥർ ഡിലീറ്റ് ചെയ്തത് ന്യായീകരിക്കാവുന്നതല്ല. നെടുമ്പാശ്ശേരി വാഹനാപകട കേസിലും പ്രതികളെ രക്ഷപ്പെടുത്താനുള്ള നടപടിയാണ് പോലീസ് സ്വീകരിച്ചിരിക്കുന്നത്. അതിക്രമം കാണിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നെടുമ്പാശ്ശേരിയിലെ സംഭവത്തിൽ പോലീസ്, എക്സൈസ് വകുപ്പുകൾ കൃത്യമായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുകയും പ്രായപൂർത്തിയാകാത്ത പ്രതികൾക്ക് മദ്യം നൽകിയ ബാറുകൾക്കെതിരെ നടപടി സ്വീകരിക്കുകയും അന്വേഷണത്തിന്റെ പൂർണ്ണ മേൽനോട്ടത്തിനായി ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മദ്യപിച്ചും ലഹരിയുപയോഗിച്ചും വാഹനമോടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ചേരാനല്ലൂർ വാഹനാപകടവുമായി ബന്ധപ്പെട്ട കേസിലെ പ്രതിക്ക് പ്രായപൂർത്തിയാകാത്തതിനാൽ പ്രതിയുടെ പിതാവും ജഡ്ജിയുമായ വാഹന ഉടമയ്ക്കെതിരെ കേസെടുക്കുകയും എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം പുരോഗമിക്കുകയുമാണ്.

കുറ്റം ചെയ്തവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. നീതിയും നിയമവും പരിപാലിക്കുന്നതോടൊപ്പം പോലീസിന്റെ ഭാഗത്തുനിന്നും യാതൊരുവിധ അതിക്രമവും ഉണ്ടാകില്ലെന്നും ഉറപ്പുനൽകുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, ജി. ആർ. അനിൽ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

III ശ്രദ്ധ ക്ഷണിക്കൽ

1. ഓപ്പറേഷൻ ത്രിഫാൻ

ശ്രീ. പാറക്കൽ അബ്ദുല്ല: ഓപ്പറേഷൻ ത്രിഫാന്റെ ഭാഗമായി പിടിക്കൂടുന്നവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനായി നിലവിലെ നിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തണം. ലഹരികേസുകൾ മാത്രം അന്വേഷിക്കുന്ന നർകോട്ടിക് സ്റ്റേഷനുകൾക്ക് രൂപം നൽകാനും ഓപ്പറേഷൻ ത്രിഫാന്റെ ഭാഗമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കാനും സാധിക്കണം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, പോലീസ് മേധാവികൾ എന്നിവരുടെ സഹകരണത്തോടെ അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള ലഹരി കടത്ത് തടയാൻ നടപടി സ്വീകരിക്കണം. ലഹരി ഉപഭോഗം തടയുകയും ലഹരിയിൽനിന്ന് മോചനം നേടുന്നവർക്ക് ത്രിഫാൻ-കെയർ പദ്ധതിയിലൂടെ ചികിത്സാ സഹായം ഉറപ്പുവരുത്തുകയും മികച്ച ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും ചെയ്യണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഓപ്പറേഷൻ ത്രിഫാന്റെ ഭാഗമായി 13,672 കേസുകൾ രജിസ്റ്റർ ചെയ്യുകയും 14,780 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുകയും 200 കോടിയിലധികം രൂപയുടെ ലഹരി വസ്തുക്കൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, വാർഡുകൾ, കുടുംബങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി

ആവിഷ്കരിച്ചിട്ടുള്ള 'ഓഫാൻ-തദ്ദേശം 2.0' പദ്ധതിയിലൂടെ ബോധവൽക്കരണം, കൗൺസിലിങ്, ചികിത്സാ പുനരധിവാസം, സാമൂഹ്യ പുന:സംയോജനം, രഹസ്യ വിവരശേഖരണം, ജനപങ്കാളിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളുടെ സഹകരണത്തോടെ അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ലഹരി മാഫിയയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. അന്തർദേശീയ ബന്ധമുള്ള മയക്കുമരുന്ന് കേസുകൾ അന്വേഷിക്കുന്നതിനായി ആന്റി നർകോട്ടിക്സ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും അത്യാധുനിക പ്രതിരോധ നിരീക്ഷണ സംവിധാനങ്ങളുപയോഗിച്ച് ലഹരിക്കടത്തും ഉൽപാദനവും വിൽപ്പനയും തടയുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഓപ്പറേഷൻ ഓഫാന്റെ ഭാഗമായി പിടിയിലാകുന്ന പ്രതികളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ലഹരി ശൃംഖലയിലേക്ക് അന്വേഷണം വ്യാപിപ്പിക്കുകയും കേന്ദ്ര അന്വേഷണ ഏജൻസികളെ വിവരം അറിയിക്കുകയും ചെയ്യുന്നുണ്ട്. ലഹരി ഇടപാടുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം, ലഹരി മരുന്നുകളുടെ ശാസ്ത്രീയ പരിശോധന എന്നിവ സമയബന്ധിതമായി പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സ്ഥിരം കുറ്റവാളികൾക്കെതിരെ എൻ.ഡി.പി.എസ്. നിയമപ്രകാരം നടപടി സ്വീകരിക്കുകയും ലഹരി വിതരണംവഴി സമ്പാദിച്ച ആസ്തികൾ മരവിപ്പിക്കുകയും ചെയ്യുന്നുണ്ട്. മൂന്ന് എൻ.ഡി.പി.എസ്. കോടതികൾ ആരംഭിക്കുകയും കൂടുതൽ കോടതികൾ സ്ഥാപിച്ച് കേസുകൾ വേഗത്തിൽ തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. സ്കൂളുകളിലും കോളേജുകളിലും സ്ഥാപനങ്ങളിലും ആരാധനാലയങ്ങളിലും ബോധവൽക്കരണം നടത്തി യുവതലമുറയെ മയക്കുമരുന്നിന്റെ വ്യാപനത്തിൽനിന്ന് രക്ഷിക്കാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്.

(2) എം.സി. റോഡിന്റെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ജി. ആർ. അനിൽ: എം.സി. റോഡിന്റെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്കും അപകടസാധ്യതയും കാരണം ജനങ്ങൾ ദുരിതമനുഭവിക്കുകയാണ്. പാതയുടെ റീച്ചുകളുടെ ഫീസിബിലിറ്റി പരിശോധനയ്ക്കായി തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റിന് അന്തിമ അംഗീകാരം ലഭ്യമാക്കി പദ്ധതിരേഖ തയ്യാറാക്കാനും ബന്ധപ്പെട്ട വകുപ്പുകളുടെയും നിർവഹണ

ഏജൻസികളുടെയും നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാനുമുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): എം.സി. റോഡ്, കൊല്ലം-ചെങ്കോട്ട റോഡ് എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിക്ക് നിലവിൽ തുക അനുവദിച്ചിട്ടില്ല. ആദ്യഘട്ട പ്രവൃത്തികളുടെ ഭാഗമായി സർവെയും ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി തയ്യാറാക്കിയ കരട് അലൈൻമെന്റിന്റെ സാധ്യതാപഠനം നടന്നുവരുന്നു. വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ അന്തിമ അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നൂറിലധികം ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. എം.സി. റോഡിന്റെ വികസനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും സംയുക്തയോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

III ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള പ്രമേയം

2026 നവംബർ 3, 4 തീയതികളിൽ പാർലമെന്റിലെയും വിവിധ സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും അഖിലേന്ത്യാ കോൺഫറൻസ് നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി നിയമസഭാ ചേംബർ ഉപയോഗിക്കുന്നതിന് കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 312 താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

(കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമായി ഉൾക്കൊള്ളിച്ചിട്ടുള്ള 113-ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം നോട്ടീസ് നൽകിയ അംഗത്തിന്റെ ആവശ്യപ്രകാരം അടുത്ത ദിവസത്തേക്ക് മാറ്റിവച്ചു.)

IV സബ്മിഷൻ

(1) അരൂർ ഇൻഫോപാർക്കിന് പ്രത്യേക പാക്കേജ്

മാഡം ഡെപ്യൂട്ടി സ്പീക്കർ (ശ്രീമതി ഷാനിമോൾ ഉസ്മാൻ): അരൂർ നിയോജകമണ്ഡലത്തിലെ ഇൻഫോപാർക്കിനെ മികച്ച ഐ.റ്റി. ഹബ്ബായി

വികസിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇൻഫോപാർക്കിന്റെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766-ൽ നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766-ൽ നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766-ൽ നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനം സംബന്ധിച്ച് കേരള-കർണാടക സർക്കാരുകൾ സംയുക്തമായി ഒരു ബദൽ പ്രൊപ്പോസൽ തയ്യാറാക്കി സുപ്രീംകോടതിയിൽ സമർപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്.

(3) നിയമസഭാ സമിതി റിപ്പോർട്ടുകളുടെ ഏകോപനത്തിനായി പ്രത്യേക വിഭാഗം

ശ്രീ. വി. ടി. ബൽറാം: നിയമസഭാ സമിതി റിപ്പോർട്ടുകളുടെ ഏകോപനത്തിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): നിയമസഭാ സമിതി റിപ്പോർട്ടുകളിലെ ശിപാർശകൾ പരിശോധിച്ച് നടപ്പാക്കുന്നതിലും സമിതികൾ ആവശ്യപ്പെടുന്ന വിവരങ്ങൾ വകുപ്പുകളിൽനിന്നും ലഭ്യമാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നുണ്ട്. സെക്രട്ടേറിയറ്റ് മാന്വലിലും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഭേദഗതി വരുത്തി നിയമസഭാ സെക്രട്ടേറിയറ്റും ഗവൺമെന്റ് സെക്രട്ടേറിയറ്റും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(4) സൗദി അറേബ്യയിലുണ്ടായ ഛത്രതി ആക്രമണം

ശ്രീ. ടി. വി. ഇബ്രാഹിം: ഛത്രതി ആക്രമണ പശ്ചാത്തലത്തിൽ സൗദി അറേബ്യയിലെ പ്രവാസികൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കുന്നതിനും സുരക്ഷിതമായ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ഛത്രതി ആക്രമണ പശ്ചാത്തലത്തിൽ സൗദി അറേബ്യയിലെ പ്രവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അടിയന്തര സഹായവും കൃത്യമായ വിവരങ്ങളും ലഭ്യമാക്കുന്നതിനും ഇടപെടലുകൾ നടത്തുകയും നോർക്ക റൂട്സ് ഹെൽപ്പ്ലൈൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിലൂടെ പ്രവാസികൾക്ക് അടിയന്തര സഹായം, യാത്ര സംബന്ധമായ വിവരങ്ങൾ, നിലവിലെ സാഹചര്യം സംബന്ധിച്ച മാർഗനിർദേശം എന്നിവ തേടാവുന്നതാണ്. വിമാന സർവീസുകൾ, യാത്രാ തടസ്സങ്ങൾ, അടിയന്തര സഹായം എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾക്കായി ഇന്ത്യൻ എംബസിയുടെയും കോൺസുലേറ്റിന്റെയും വെബ്സൈറ്റുകളും സാമൂഹ്യ മാധ്യമ അക്കൗണ്ടുകളും പിന്തുടരാനും നിർദേശിച്ചിട്ടുണ്ട്. റിയാദിലെ ഇന്ത്യൻ എംബസിയിലും ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിന്റെ ഓഫീസിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. വിദേശകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇന്ത്യൻ എംബസിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പ്രവാസി സംഘടനകളുമായി ആശയ വിനിമയം നടത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിമാന സർവീസുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിസ നടപടിക്രമങ്ങൾ പാലിച്ച് മടങ്ങാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. വിസ വ്യവസ്ഥകളും യാത്രാ നിബന്ധനകളും പാലിച്ചുകൊണ്ട് ഖത്തർ, ബഹ്റൈൻ തുടങ്ങിയ രാജ്യങ്ങളിലെ വിമാനത്താവളങ്ങൾ വഴിയുള്ള യാത്രാ സാധ്യതകളും ഉറപ്പുവരുത്തിയിട്ടുണ്ട്. വിമാന സർവീസുകൾ തടസ്സപ്പെട്ടതിനെത്തുടർന്ന് സൗദി അറേബ്യയിൽ തുടരേണ്ടിവരുന്ന സന്ദർശക-ടൂറിസ്റ്റ്-ഉംറ-ബിസിനസ്സ് വിസക്കാർക്ക് പിഴയില്ലാതെ രാജ്യം വിടാൻ അനുമതി നൽകുമെന്ന് സൗദി അധികൃതർ പ്രഖ്യാപിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്ക് ലഭിക്കുന്ന പരാതികൾ നോർക്ക വകുപ്പിൽ അറിയിച്ചാൽ ഉടൻതന്നെ പരിഹരിക്കുന്നതിനുള്ള ഇടപെടലുണ്ടാകും.

(5) പുനരുദ്ധാരണ പദ്ധതികൾ

ശ്രീ. സജീവ് ജോസഫ്: കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ച ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്കായി പുനരുദ്ധാരണ പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാനും പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടാനും നടപടി സ്വീകരിക്കുന്നുണ്ട്. കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായം വർധിപ്പിച്ചിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നാശനഷ്ടങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് സ്പെഷ്യൽ പാക്കേജായി പരിഗണിച്ച് പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ആനക്കാംപൊയിൽ, കള്ളാടി, മേപ്പാടി തുരങ്കപാത

ശ്രീ. സി. കെ. കാസിം: ആനക്കാംപൊയിൽ, കള്ളാടി, മേപ്പാടി തുരങ്കപാതയുടെ നിർമ്മാണ പ്രവൃത്തികൾ സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പാക്കി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): താമരശ്ശേരി ചുരത്തിന് ബദലായുള്ള ആനക്കാംപൊയിൽ, കള്ളാടി, മേപ്പാടി തുരങ്കപാതയുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്തേണ്ടതുണ്ട്. മണ്ണിടിച്ചിലിനുള്ള സാധ്യതകൾ, ചരിവുകളുടെ സ്ഥിരത, ഭൂഗർഭ ജലത്തിന്റെ സാന്നിധ്യം, മഴയുടെ സ്വാധീനം, നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ ശാസ്ത്രീയമായി വിലയിരുത്തുന്നതിനും സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് തുരങ്കപാത യാഥാർഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) ചേരാനല്ലൂർ വാഹനാപകടം

ശ്രീ. ടി. ജെ. വിനോദ്: ചേരാനല്ലൂർ വാഹനാപകടം സംബന്ധിച്ച അന്വേഷണത്തിൽ വീഴ്ച വരുത്തിയവർക്കെതിരെയും അപകടം വരുത്തിയ വാഹന ഉടമയ്ക്കെതിരെയും നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 25-10-2026-ന് പുലർച്ചെയുണ്ടായ അപകടത്തിൽ മരണപ്പെട്ട ചിറ്റൂർ സ്വദേശി ജയബാലകൃഷ്ണന്റെ ബന്ധു നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ഡ്രൈവറെ പ്രതിയാക്കി ചേരാനല്ലൂർ പോലീസ് കേസ് ഫയൽ ചെയ്യുകയും കാർ ഓടിച്ചിരുന്ന പതിനേഴ് വയസ്സുകാരനെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പോലീസ് കസ്റ്റഡിയിലെടുക്കുകയും വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും പ്രായപൂർത്തിയാകാത്തതിനാൽ പിതാവിനോടൊപ്പം വിട്ടയയ്ക്കുകയും ചെയ്തിരുന്നു. കേസിന്റെ തെളിവിലേക്കായി ബന്ധവസ്സിലെടുത്ത മൊബൈൽ ഫോണിലെ റെക്കോർഡ് ചെയ്യപ്പെട്ട വീഡിയോകൾ പരിശോധിച്ചതിൽ വാഹനം അമിത വേഗതയിലായിരുന്നെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത കുട്ടിയായതിനാലും വീഡിയോ ചിത്രീകരിക്കാനുള്ള നിയമാനുസൃത ലൈസൻസ് നേടിയിട്ടില്ലാത്തതിനാലും അമിത വേഗതയിൽ വാഹനം ഓടിച്ചതിനാലാണ് അപകടമുണ്ടായതെന്ന് ബോധ്യപ്പെട്ടതിനാലും പത്തുവർഷംവരെ ശിക്ഷ ലഭിക്കാവുന്ന വകുപ്പുകൾ ചേർത്ത് അന്വേഷണം നടത്തിവരികയാണ്. ജുവനൈൽ ജസ്റ്റിസ് കോടതിയുടെ നിർദേശമനുസരിച്ച് കുട്ടിയെ കോടതി മുമ്പാകെ ഹാജരാക്കി ജാമ്യം അനുവദിക്കുകയും വാഹനത്തിന്റെ ഉടമസ്ഥനായ പിതാവിനെതിരെ മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വിവിധ വകുപ്പുകൾപ്രകാരം അന്വേഷണം നടത്തിവരികയുമാണ്. പ്രാഥമിക അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ ചില വകുപ്പുകൾ ചേർക്കാതിരുന്നത് സംബന്ധിച്ച് എ.ഡി.ജി.പി. തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

(8) ശിവസൂര്യ എന്ന വിദ്യാർഥിയുടെ തിരോധാനം

ശ്രീ. പി. കെ. പ്രവീൺ: നിർധന കുടുംബത്തിലെ ഏക ആശ്രയമായിരുന്ന ശിവസൂര്യ എന്ന വിദ്യാർഥിയുടെ തിരോധാനം സംബന്ധിച്ച അന്വേഷണം ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഊർജിതമാക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കണ്ണൂർ ജില്ലയിലെ ചൊക്ലി രാമവിലാസം ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് കാശി, ബനാറസ് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയും തലശ്ശേരി അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും മൊബൈൽ പട്രോൾ വാഹനങ്ങളിലേക്കും വയർലെസ് മെസേജ് അയച്ചും ടൈം റിക്കോർഡ് തയ്യാറാക്കിയും സമീപ പ്രദേശങ്ങളിലെ സി.സി.ടി.വി. പരിശോധിച്ചും റെയിൽവേ, ബസ് സ്റ്റേഷൻ, പോലീസ് സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും ഊർജിത അന്വേഷണം നടന്നുവരികയാണ്. കുട്ടിയെ സംബന്ധിച്ച വിവരങ്ങൾ ദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിന് Talash, Valsalya, Gandiva പോർട്ടലുകൾ മുഖേന വിവരങ്ങൾ പങ്കുവയ്ക്കുകയും വിവിധ ഭാഷകളിൽ ലുക്ക്ഔട്ട് നോട്ടീസുകൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേസിന്റെ സമഗ്ര അന്വേഷണത്തിനായി സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുപ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ചിന് അന്വേഷണം കൈമാറുകയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജിതമായ അന്വേഷണം നടത്തിവരികയുമാണ്.

(9) നാട്ടാനകളുടെ കുറവ് പരിഹരിക്കാൻ നടപടി

ശ്രീ. രാജൻ ജെ. പല്ലൻ: കേരളത്തിൽ നാട്ടാനകളുടെ എണ്ണം ഗണ്യമായി കുറഞ്ഞത് ക്ഷേത്രോത്സവങ്ങളുടെ നടത്തിപ്പിനെയും ആചാരങ്ങളെയും ടൂറിസം മേഖലയെയും പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ആനകളെ എത്തിക്കുന്നതിനായി കേന്ദ്ര നിയമങ്ങളിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 1972-ലെ വന്യജീവി (സംരക്ഷണ) നിയമമനുസരിച്ച് നാട്ടാനകളുടെ വാണിജ്യപരമായ കൈമാറ്റം നിരോധിച്ചിട്ടുണ്ടെങ്കിലും ക്യാപ്റ്റീവ് എലിഫന്റ് (ട്രാൻസ്ഫർ ഓർ ട്രാൻസ്പോർട്ട്) റൂൾസ് 2024 അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് ആനകളെ കൊണ്ടുവരാൻ അനുമതിയുണ്ട്. എൻ.ഒ.സി., ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള കർശന വ്യവസ്ഥകൾ പാലിക്കുന്നതിലെ പ്രായോഗിക തടസ്സങ്ങൾ നീക്കാനും നാടിന്റെ സാംസ്കാരിക

പൈതൃകം സംരക്ഷിക്കാനുമുള്ള നിയമാനുസൃത പരിഹാര നടപടികളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(10) പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ വന്യമൃഗശല്യം

ശ്രീ. സുധീർഷാ പാലോട്: തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള അരിപ്പ-വേങ്കല്ല, വേങ്കല്ല-ഇലവുപാലം ഭാഗങ്ങളിലെ ആനക്കിടങ്ങ് നിർമ്മാണം, മലയോര മേഖലകളിലെ ഫെൻസിങ് പ്രവൃത്തികൾ എന്നിവ അടിയന്തരമായി പൂർത്തിയാക്കാനും വന്യമൃഗശല്യം കാരണം കൃഷിയും ജീവിതവും സാധ്യമാകാത്ത കുടുംബങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 13.22 കി.മീ ദൂരം ആനക്കിടങ്ങ് നിർമ്മിക്കുകയും 9.3 കി.മീ നിർമ്മാണത്തിനായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫെൻസിങ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. വിവിധ ഉന്നതികളിലേക്കുള്ള 26 റോഡുകളിൽ 66 കിലോമീറ്ററും പഞ്ചായത്ത്-പൊതുമരാമത്ത്-ഫോറസ്റ്റ് വകുപ്പുകളുടെ 21 റോഡുകളിൽ 91.2 കിലോമീറ്ററും വിസ്റ്റാ ക്ലിയറൻസ് പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശേഷിയുള്ള പ്രീ-ക്വാളിഫിക്കേഷനുള്ള ഏജൻസികളെ മാത്രം നിർമ്മാണ ചുമതല ഏൽപ്പിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(11) പട്ടയം അടിയന്തരമായി അനുവദിക്കൽ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അർഹരായ കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനും പട്ടയമിഷന്റെ പ്രവർത്തനം ഊർജിതമാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2027 മേയ് 18-നുള്ളിൽ അപേക്ഷകൾ തീർപ്പാക്കാൻ സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതും പട്ടയവിതരണത്തിന് പ്രഥമ പരിഗണന നൽകി നടപടികൾ

ത്വരിതപ്പെടുത്തുന്നതുമാണ്. ഭ്രപതിവ് കമ്മിറ്റികൾ രൂപീകരിച്ച് നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്.

(12) കലാലയങ്ങളിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾ

ശ്രീമതി ഉമ തോമസ്: കലാലയങ്ങളിൽ ജനാധിപത്യപരമായ രാഷ്ട്രീയ പ്രവർത്തനം ഉറപ്പുവരുത്തുകയും രക്തസാക്ഷികളുടെ ചിത്രങ്ങൾ കലാലയങ്ങളിൽ ആലേഖനം ചെയ്യുന്നത് പരിശോധിക്കുകയും കോളേജ് ഹോസ്റ്റലുകളിൽ വിദ്യാർഥികൾ മാത്രമാണ് താമസിക്കുന്നതെന്ന് ഉറപ്പുവരുത്തുകയും വിദ്യാർഥി സംഘടന പ്രവർത്തനത്തിന് സമഗ്ര മാർഗരേഖ രൂപപ്പെടുത്തുകയും ചെയ്യണം.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): വിദ്യാർഥികളുടെ ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശങ്ങളെ ഹനിക്കാതെ ക്യാമ്പസുകളിലെ അനാരോഗ്യ പ്രവണതകൾ തടയുന്നതിനുള്ള നയസമീപനം സ്വീകരിച്ചുവരുന്നുണ്ട്. അക്കാദമിക് ഇലക്ഷൻ കമ്മീഷൻ സ്ഥാപിച്ച് വിദ്യാർഥി യൂണിയൻ തിരഞ്ഞെടുപ്പുകളിലും വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനങ്ങളിലും ക്രിയാത്മക പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണയിലാണ്. കലാലയങ്ങളുടെ സുഗമമായ നടത്തിപ്പിന് വിഘാതമാകുന്ന പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതല്ല.

(13) പാലക്കാട്-പാറ-പൊള്ളാച്ചി സംസ്ഥാന പാത

ശ്രീ. എ. പ്രഭാകരൻ: കേരള-തമിഴ്നാട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന പാലക്കാട്-പാറ-പൊള്ളാച്ചി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): ചിറ്റൂർ, മലമ്പുഴ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പാലക്കാട്-പാറ-പൊള്ളാച്ചി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനാവശ്യമായ ഫണ്ട് വകയിരുത്തുന്നതും അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(14) കെ. കണ്ണപുരം പാലത്തിന്റെ തകർച്ച

ശ്രീ. എം. വിജിൻ: കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ കെ. കണ്ണപുരം പാലത്തിന്റെ തകർച്ച പരിഹരിക്കുന്നതിനും പുതിയ പാലത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): കെ. കണ്ണപുരം പാലം നവീകരിക്കുന്നതിന് അൻപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(15) റെസ്റ്റോറേഷൻ തുക ഒടുക്കുന്നതിലെ കാലതാമസം

ശ്രീ. റോണി കെ. ബേബി: പൊതുമരാമത്ത് റോഡുകളിൽ ജല അതോറിറ്റി പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട റെസ്റ്റോറേഷൻ തുക ഒടുക്കുന്നതിലെ കാലതാമസത്തെത്തുടർന്ന് റോഡ് പ്രവൃത്തികൾ വൈകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സുഗമ പോർട്ടൽ മുഖേന കൈകാര്യം ചെയ്യുന്ന അപേക്ഷകളിൽ റെസ്റ്റോറേഷൻ നിരക്കുകൾ ഏകീകരിക്കുന്നതിനായി പൊതുമാനദണ്ഡങ്ങൾ നിശ്ചയിക്കുകയും നിരക്കുകൾ പുതുക്കി നിശ്ചയിച്ച് അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. റെസ്റ്റോറേഷൻ തുക യഥാസമയം അടയ്ക്കാക്കാത്തതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പ്രവൃത്തികൾ തടസ്സപ്പെടുന്നത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി X-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ

(3) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട്

(4) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ

VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

നിക്ഷേപ സൗഹൃദാന്തരീക്ഷം പ്രോത്സാഹിപ്പിക്കൽ

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്ന പുതിയ ഇൻസെന്റീവുകളെക്കുറിച്ചും മറ്റ് നടപടികളെ സംബന്ധിച്ചും വ്യവസായ, വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

VII ധനകാര്യം

2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളെയും 2016-2017, 2017-2018, 2018-2019, 2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ഡോ. മാത്യു കുഴൽനാടൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. കേരളത്തിലേക്ക് ഇൻവെസ്റ്റേഴ്സിനെ ആകർഷിക്കാൻ കഴിയുന്ന സംവിധാനമായി കിഫ്ബിയെ മാറ്റിയെടുക്കണം. നിയമസഭ പാസാക്കിയ 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ കേരളത്തിന് അഭിമാനകരമാണ്. നിയമങ്ങളിലൂടെ മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതോടൊപ്പം വയോജനങ്ങളെ സമൂഹത്തിൽ സജീവമായി ഉൾപ്പെടുത്തുന്നതും യുവതലമുറ അവരുടെ സംരക്ഷണം ഏറ്റെടുക്കുന്നതുമായ സാംസ്കാരിക മാറ്റത്തിലൂടെ വയോജന നിയമങ്ങളുടെ യഥാർഥ ലക്ഷ്യം സാധ്യമാക്കണം. മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഉയർത്തുന്ന ആശങ്കകൾ പരിഹരിച്ചുകൊണ്ട് കേരളത്തിന്റെ വികസന എഞ്ചിനായി സഹകരണ മേഖലയെ റീ-ഡിഫൈൻ ചെയ്യണം.

ശ്രീ. എം. വിജിൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുന്നു. സ്വകാര്യവൽക്കരണത്തിനും കോർപ്പറേറ്റ് പ്രീണനത്തിനും വഴിയൊരുക്കുന്ന ബജറ്റാണ്

സർക്കാർ അവതരിപ്പിച്ചത്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തെ വെല്ലുവിളിക്കുന്ന മിഷൻ സമുദ്ര ആശങ്കയുളവാക്കുന്നതാണ്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ടി 1, ടി 2 സെക്ഷനുകളെ വിവരാവകാശ പരിധിയിൽനിന്നും ഒഴിവാക്കിയതും കിഫ്ബിയുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ സർക്കാർ സ്വീകരിച്ചുവരുന്ന സമീപനങ്ങളും പ്രതിഷേധാർഹമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. വയോജനക്ഷേമവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച ബിൽ സ്വാഗതാർഹമാണ്. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിച്ചതും നൂറ് ദിന കർമ്മ പരിപാടികളിലെ 570 എണ്ണവും പൂർത്തിയാക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിക്കുകയും പട്ടികവിഭാഗം വിദ്യാർഥികളുടെ സ്കോളർഷിപ്പ്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, നെല്ല് സംഭരണം എന്നിവയിലെ കുടിശ്ശികകൾ തീർപ്പാക്കുകയും ചെയ്തത് ശ്ലാഘനീയമാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനവും ഹരിത കർമ്മസേനാംഗങ്ങളുടെ ഉത്സവബത്തയും വർധിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും സഹകാരികൾക്കും ഉത്സവബത്ത നൽകുകയും ചെയ്തിട്ടുണ്ട്. പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്തും സ്കൂൾ പാചക തൊഴിലാളികളുടെ പ്രതിമാസ വേതനവും ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ബോണസും വർധിപ്പിച്ചതും ആശ്വാസ കിരണം പദ്ധതിപ്രകാരമുള്ള പ്രതിമാസ ധനസഹായം ആയിരം രൂപയാക്കി ഉയർത്തിയതും മലബാറിൽ പ്ലസ് വൺ സീറ്റുകൾ വർധിപ്പിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. ജി. ആർ. അനിൽ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ പിഎം ശ്രീ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തണം. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ മുൻ സർക്കാരിന് റിക്കോർഡ് നേട്ടം കൈവരിക്കാനും കിഫ്ബി ധനസ്രോതസിലൂടെ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കാനും സാധിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും പോലീസ് സേനയെ നിഷ്പക്ഷമായി പ്രവർത്തിപ്പിക്കാൻ തയ്യാറാകുകയും വേണം.

ശ്രീ. റെജി ചെറിയാൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കാലഘട്ടത്തിനനുയോജ്യമായ പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പൈതൃക സാംസ്കാരിക ടൂറിസവും പ്രിയദർശിനി സൗജന്യയാത്രയും സർക്കാരിന്റെ പ്രവർത്തന മികവിനെയാണ് സൂചിപ്പിക്കുന്നത്. കൂട്ടനാട് കേന്ദ്രീകരിച്ച് ടെക്നോപാർക്ക് ആരംഭിക്കേണ്ടത് അനിവാര്യമാണ്. വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനുള്ള ബിൽ പാസ്സാക്കിയത് അഭിനന്ദനാർഹമാണ്. ഓപ്പറേഷൻ ഡ്രഫാൻ ലഹരിക്കെതിരെയുള്ള ഭാവി കേരളത്തിന്റെ പ്രതീക്ഷയാണ്. പ്രവാസികൾക്ക് വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും കൂടുതൽ നിക്ഷേപം സംസ്ഥാനത്ത് കൊണ്ടുവരാനും സരൾ കേരളം പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കും.

ശ്രീ. വി. മുരളീധരൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുന്നു. സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയിൽ പിഎം ശ്രീ പദ്ധതി നടപ്പിലാക്കാത്തത് ഖേദകരമാണ്.

ശ്രീ. ഉല്ലാസ് കോവൂർ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. വയോജനങ്ങളുടെ സംരക്ഷണത്തിനായി വയോജന ക്ഷേമവകുപ്പ് രൂപീകരിച്ചതും നിയമം കൊണ്ടുവന്നതും വനിതാ ശിശു-പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ രംഗത്ത് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതും സർക്കാരിന്റെ ജനക്ഷേമ മുഖമാണ് വ്യക്തമാക്കുന്നത്. ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ എന്ന തത്വത്തിൽ അധിഷ്ഠിതമായി സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതോടെ വ്യാവസായിക നിക്ഷേപ രംഗത്ത് നിർണായക മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. മത്സ്യത്തൊഴിലാളികളെയും തീരദേശ ജനതയെയും ചേർത്തുപിടിച്ച് കേരളത്തെ തുറമുഖ നഗരമാക്കി മാറ്റാനുള്ള പദ്ധതികൾ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പ്രിയദർശിനി സൗജന്യ ബസ് യാത്രാ പദ്ധതി എന്നിവ ആവിഷ്കരിച്ചത് ശ്ലാഘനീയമാണ്. പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചതും ഭിന്നശേഷിക്കാരുടെ 15 ലക്ഷം രൂപ വരെയുള്ള വാഹനങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതും കാർഷിക വിളകളുടെ താങ്ങുവില

വർധിപ്പിച്ചതും വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുകയും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ബന്ധുക്കൾക്കും പരിക്കേൽക്കുന്നവർക്കുമുള്ള ധനസഹായവും വർധിപ്പിച്ചതും ചെറുകിട വ്യവസായ പദ്ധതികൾക്ക് സാമ്പത്തിക സഹായം അനുവദിച്ചതും എടുത്തുപറയേണ്ടതാണ്.

ശ്രീ. ജി. സുധാകരൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. ബജറ്റ് തയ്യാറാക്കുന്ന രീതി ആധുനികവൽക്കരിക്കണം. തോട്ടപ്പള്ളി സ്പിൽവേ ശാസ്ത്രീയമായി ആധുനികവൽക്കരിക്കുന്നതിന് തുക വകയിരുത്താത്തത് ഖേദകരമാണ്. സാമൂഹ്യക്ഷേമ പെൻഷൻ 3000/- രൂപയായി വർധിപ്പിക്കാനും ഒരു വ്യക്തിക്ക് ഒരു ക്ഷേമപെൻഷൻ മാത്രമെന്നത് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. പോലീസുകാരുടെ എണ്ണം വർധിപ്പിച്ച് പോലീസ് സേനയെ പുനഃസംഘടിപ്പിക്കാനും എല്ലാ പഞ്ചായത്തുകളിലെയും പൊഴികൾ, തണ്ണീർത്തടങ്ങൾ, മുതലായവ പോലീസിനെ വിന്യസിച്ച് സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കണം. കിഫ്ബി പുനഃസംഘടിപ്പിക്കുന്നതിനും റവന്യൂ ജനറേറ്റിങ് പദ്ധതികൾ കൂടുതലായി ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. കുട്ടനാട്, ഓണാട്ടുകര, ചേർത്തല കരിനിലങ്ങൾ, പാലക്കാട് ജില്ലയിലെ കാർഷിക മേഖല എന്നിവയുടെ വികസനത്തിനായി പുതിയ ആശയങ്ങൾ ആവിഷ്കരിക്കണം.

ശ്രീമതി കെ. കെ. രമ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. വടകര നിയോജകമണ്ഡലത്തിലെ ജില്ലാശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. ചോമ്പാല ഹാർബർ വികസനത്തിന് ആവശ്യമായ ഇടപെടലുണ്ടാകണം. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് നിയമനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വിധവകളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി പുനഃസ്ഥാപിക്കാനും പട്ടികജാതി വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നോർക്ക കെയർ ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കാനും ലൈഫ് പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. പുതിയ ബിസിനസ് ആശയങ്ങളുമായി വരുന്ന സംരംഭകർക്ക് സരൾ കേരളം പദ്ധതി പ്രതീക്ഷ നൽകുന്നതാണ്. സഹകരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മിച്ചഫണ്ട് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തണം. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സൂ സഫാരി പാർക്ക് പി.പി.പി. മാതൃകയിൽ നിർമ്മിക്കണം. ലഹരിക്കെതിരെ ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ക്ലീൻ പദ്ധതി പ്രശംസനീയമാണ്.

ശ്രീ. എം. എം. നസീർ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. വയോജന ക്ഷേമ വകുപ്പ് രൂപീകരണം, കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര തുടങ്ങിയവ സ്വാഗതാർഹമാണ്. ലഹരിക്കെതിരെ ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന ഓപ്പറേഷൻ ക്ലീൻ പ്രതീക്ഷ നൽകുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ടൈബൽ സബ് പ്ലാൻ (TSP), ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ (SCSP) എന്നിവയുടെ തുക വെട്ടിക്കുറച്ചത് ഖേദകരമാണ്. ലൈഫ് മിഷന് പകരം പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാനുള്ള സർക്കാർ തീരുമാനം ഗുണഭോക്താക്കളെ ആശങ്കയിലാക്കുന്നുണ്ട്. കിഫ്ബി പദ്ധതിയെ തകർക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനത്തിന്റെ ഭാവി വികസനത്തെയും വൻകിട വികസന പദ്ധതികളെയും പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. രാമനാട്ടുകര-കാലിക്കറ്റ് എയർപോർട്ട് എലിവേറ്റഡ് ഹൈവേക്കും തേഞ്ഞിപ്പലം ഫയർ സ്റ്റേഷനും ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചത് സ്വാഗതാർഹമാണ്. ജനസംഖ്യാനുപാതികമായി ജില്ല-താലൂക്ക് റവന്യൂ ഡിവിഷനുകൾ വിഭജിക്കുകയും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വികസന ബ്ലോക്കുകളും പഞ്ചായത്തടിസ്ഥാനത്തിൽ വില്ലേജുകളും പുനഃക്രമീകരിക്കുകയും ചെയ്യണം. പരപ്പാൽ ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പഞ്ചായത്ത് മെമ്പർമാരുടെ വേതനം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ടി. ബൽറാം: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ദീർഘവീക്ഷണത്തോടെയുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നികുതി വർധിപ്പിക്കാതെ വിഭവ സമാഹരണം നടത്തുന്നതിനും സ്വീകരിക്കുന്ന നിലപാടുകൾ പ്രശംസനീയമാണ്. വനിതാ സ്വയംസംരംഭകർക്കായി ദാക്ഷായണി പദ്ധതി ആവിഷ്കരിച്ചത് എടുത്തുപറയേണ്ടതാണ്. ഇരുപതിനായിരത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്യാനും ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാനും പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ പഠനാനുകൂല്യങ്ങളുടെ കുടിശ്ശിക നൽകുന്നതിനും എല്ലാ പഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും സ്ലോട്ടർ ഹൗസുകൾ ആധുനികവൽക്കരിക്കുന്നതിനും അവിടെ പ്രവർത്തിക്കുന്നവർക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പ്രവീൺ കുമാർ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ, മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിങ്) കേരളം ബിൽ എന്നിവ അവതരിപ്പിച്ച സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കാനും അടിസ്ഥാന വിഭാഗങ്ങൾക്കാവശ്യമായ ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. പ്രിയദർശിനി പദ്ധതി എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്കും വ്യാപിപ്പിക്കണം.

ശ്രീ. റോയി കെ. പൗലോസ്: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. സമൂഹത്തിലെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതും വയോജനക്ഷേമത്തിനായി പ്രത്യേകം വകുപ്പ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. ആശ്വാസകിരണം ധനസഹായം, വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവർക്കുള്ള സഹായധനം എന്നിവ വർധിപ്പിച്ചതും റബ്ബറിന് 250/- രൂപ തറവില പ്രഖ്യാപിച്ചതും സഹകരണ വകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും സ്വാഗതാർഹമാണ്. ഓപ്പറേഷൻ ളുഹാൻ, തണ്ടർ എന്നിവ ആവിഷ്കരിച്ചതും സാംസ്കാരിക നായകർക്കുള്ള സ്മാരകത്തിനും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കും പണം അനുവദിച്ചതും ശ്ലാഘനീയമാണ്. ജി.എസ്.ടി. വരുമാനം വർധിപ്പിക്കാനും നികുതിചോർച്ച തടയാനും സ്വീകരിച്ച നടപടി പ്രശംസനീയമാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും പിന്തുണയ്ക്കുന്നു. ഇന്ദിരാ പ്രിയദർശിനി സൗജന്യ ബസ് യാത്രാ പദ്ധതി നടപ്പാക്കിയതും കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ, കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ എന്നീ നിയമനിർമ്മാണങ്ങളും രാജ്യത്തിന് മാതൃകയാണ്. കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിച്ചതും ജില്ലയിലെ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനുള്ള പരിശ്രമങ്ങളും അഭിനന്ദനാർഹമാണ്.

<u>ശ്രീ. സേനാപതി വേണു</u>: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും പിന്തുണയ്ക്കുന്നു. ഇടുക്കി ജില്ലയിലെ ജനങ്ങൾ നേരിടുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തുന്ന പരിശ്രമം സ്വാഗതാർഹമാണ്. ആശാവർക്കർമാർ, പാചകത്തൊഴിലാളികൾ, ശുചീകരണത്തൊഴിലാളികൾ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതും പ്രിയദർശിനി പദ്ധതി നടപ്പാക്കിയതും പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചതും ആശ്വാസകരമാണ്. ആരോഗ്യ മേഖലയിലെ നവീകരണ പ്രവർത്തനങ്ങളും 'ളുഹാൻ' പദ്ധതിയും മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണവും സർക്കാരിന്റെ ഭരണ നേട്ടങ്ങളാണ്. കുറഞ്ഞ കാലയളവിനുള്ളിൽ കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിയ സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുന്നു. പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയാത്തതും കിഫ്ബിയുടെ പ്രവർത്തനങ്ങളെ അട്ടിമറിച്ചതും അംഗീകരിക്കാൻ കഴിയില്ല. ചികിത്സാ പിഴവുകളും ശിശുമരണങ്ങളും സർക്കാരിന്റെ ഭരണ പരാജയത്തിന്റെ തെളിവാണ്. പൊതുജനാരോഗ്യ സംവിധാനത്തെ തകർത്ത് സ്വകാര്യവൽകരണത്തിന് കളമൊരുക്കുകയാണ് സർക്കാർ

ചെയ്യുന്നത്. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് തിരിച്ചുകൊണ്ടുവരാനുള്ള നീക്കങ്ങളും മരുന്ന് വാങ്ങലിലെ അഴിമതിയും എതിർക്കപ്പെടേണ്ടതാണ്. കിഫ്ബി പദ്ധതികളുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ പ്രഖ്യാപിച്ച റോഡുകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ, മലയോര ഹൈവേ തുടങ്ങിയവയുടെ നിർമ്മാണത്തിലെ അനിശ്ചിതത്വം പരിഹരിക്കണം.

<u>ശ്രീ. കെ. പി. നൗഷാദ് അലി</u>: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. മുൻ സർക്കാരിന്റെ കാലത്തെ കിഫ്ബിയുടെ ഉയർന്ന കടമെടുപ്പും ഓഫ്-ബജറ്റ് ബോറോയിങ്ങുകളും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കി. നികുതി വരുമാനം വർധിപ്പിച്ചതും ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പാചക തൊഴിലാളികൾ തുടങ്ങിയവരുടെ വേതനം വർധിപ്പിച്ചതും ക്ഷേമനിധി കുടിശ്ശിക കൊടുത്തുതീർത്തതും സപ്ലൈകോയെ റീട്ടെയിൽ സൂപ്പർമാർക്കറ്റ് ശൃംഖലയാക്കി മാറ്റിയതും സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. പ്രിയദർശിനി സ്തീ സൗജന്യ യാത്രാപദ്ധതി, ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, മിഷൻ സമുദ്ര, സരൾ കേരളം ബിൽ, ഓപ്പറേഷൻ ഗുഫാൻ, വയോജനക്ഷേമ വകുപ്പ് രൂപീകരണം തുടങ്ങിയവ സർക്കാരിന്റെ നേട്ടങ്ങളാണ്. വയോജനങ്ങളുടെ സംരക്ഷണത്തിനായി പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തി പ്രത്യേക കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണം. സാമ്പത്തിക വെല്ലുവിളികളെ ധീരമായി അതിജീവിച്ച് ക്ഷേമവും വികസനവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി പടിഞ്ഞാറൻ ബൈപ്പാസ് നിർമ്മാണം യാഥാർഥ്യമാക്കണം. ജനറൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനും വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതിനും ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ

ഏർപ്പെടുത്തുന്നതിനും കാർഷിക മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 570 പദ്ധതികൾ പൂർത്തീകരിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ഫയൽ തീർപ്പാക്കൽ, ലഹരിക്കെതിരെയുള്ള 'ഓപ്പറേഷൻ ളഫാൻ,' പ്രിയദർശിനി സ്തീ സൗജന്യ യാത്ര എന്നിവ സർക്കാരിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. ആശാവർക്കർ, അങ്കണവാടി ജീവനക്കാർ, പ്രീ-പ്രൈമറി സ്കൂൾ ജീവനക്കാർ, പാചകത്തൊഴിലാളികൾ എന്നിവരുടെ വേതനം വർധിപ്പിച്ചതും ഇരുപതിനായിരത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്തതും ആർട്ടിഫിഷ്യൽ ഇന്റലിജൻസിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചതും വയോജന ക്ഷേമ ബിൽ പാസ്സാക്കിയതും പ്രശംസനീയമാണ്. പ്രവാസി പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും തിരൂരിൽ രാജീവ് ഗാന്ധിയുടെ നാമധേയത്തിൽ അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിന് വകയിരുത്തിയ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ധൂർത്ത് ഒഴിവാക്കിയതും നികുതി വരുമാനം വർധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചതും ശ്ലാഘനീയമാണ്. ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാത്ത ബജറ്റാണ് സർക്കാർ അവതരിപ്പിച്ചത്.

VIII വ്യക്തിപരമായ വിശദീകരണം

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചേരാനെല്ലൂർ വാഹനാപകടവുമായി ബന്ധപ്പെട്ട് ലാ ആൻഡ് ഓർഡർ ചുമതലയുള്ള എ.ഡി.ജി.പി. മരണപ്പെട്ടയാളിന്റെ കുടുംബാംഗങ്ങളെയും സംഭവസ്ഥലവും സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പ്രതിക്ക് ജാമ്യം കിട്ടിയതിനെതിരെ മേൽക്കോടതിയെ

സമീപിക്കുന്നതാണ്. പ്രതിയുടെ പിതാവും വാഹന ഉടമയുമായ ജഡ്ജിക്കെതിരെ കേസെടുത്ത വിവരം ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്.

ധനകാര്യം....തുടർച്ച

ശ്രീ. കെ. എൻ. ബാലഗോപാൽ: ഉപധനാഭ്യർഥനകളെയും അധികധനാഭ്യർഥനകളെയും എതിർക്കുന്നു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചും തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിച്ചുംവേണം സർക്കാർ പ്രവർത്തിക്കേണ്ടത്. നികുതി/നികുതിയേതര വരുമാനം വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ ഭരണ-പ്രതിപക്ഷ ഭേദമന്യേ കൂട്ടായ ശ്രമം നടത്താവുന്നതാണ്. പൊതുമേഖലയും ആരോഗ്യ/വിദ്യാഭ്യാസ രംഗങ്ങളും ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. കേന്ദ്ര വിഹിതത്തിലുണ്ടായ കുറവ് പദ്ധതി അടങ്കലിനെ ബാധിച്ചെങ്കിലും പട്ടികജാതി/പട്ടികവർഗ ഉപപദ്ധതികൾക്കായി സർക്കാർ അധിക തുക വകയിരുത്തുകയും ഭൂരഹിതർ/ഭവനരഹിതരില്ലാത്ത പട്ടിക വിഭാഗക്കാർ എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി വകുപ്പ് തനത് ഭവന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. 1000 കോടി രൂപയുടെ പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിന്റെ ഭവന പദ്ധതി ഈ വർഷം നടപ്പാക്കാൻ കഴിയുന്നതാണ്. നിലവിൽ അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായ തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അട്ടപ്പാടിയിലെ ശിശുമരണങ്ങൾ വിലയിരുത്താൻ അവലോകന യോഗം ചേർന്ന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): തൃശ്ശൂർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ. മെഷീൻ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജീവൻരക്ഷാ മരുന്നുകൾക്ക് ക്ഷാമമില്ല. സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി റോബോട്ടിക്സ് സർജറി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കാൻ 3000 പുതിയ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുള്ളതും വിദഗ്ധ സംഘം ഊരുകൾ സന്ദർശിച്ച് ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതുമാണ്. ഉപധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതും എന്നാൽ പ്രഖ്യാപിച്ചിട്ടുള്ളതുമായ പദ്ധതികൾക്കും പ്രവൃത്തികൾക്കുമായി 928 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതികൾക്കും മത്സ്യബന്ധന മേഖലയ്ക്കും അധിക പദ്ധതി ധനസഹായമായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, എം.ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക്, ഇരിങ്ങാലക്കുട നാലമ്പല തീർഥാടന പാക്കേജ്, ശിവഗിരി തീർഥാടന മെമ്മോറിയൽ കൺവെൻഷൻ സെന്റർ, കേളിനറി ഇൻസ്റ്റിറ്റ്യൂട്ട്, ആർട്ടിസ്റ്റ് നമ്പൂതിരി സാംസ്കാരിക കേന്ദ്രം, ഉമ്പായി മ്യൂസിക് അക്കാദമി, ചവറ തീർഥാടന കേന്ദ്രം, മമ്പുറം പൈതൃക വില്ലേജ് പദ്ധതി തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രത്യേക ഊന്നൽ നൽകുന്നതാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും നികുതി നിരക്കുകൾ വർധിപ്പിക്കാതെ തനത് വരുമാനം വർധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി/നികുതിയേതര വരുമാനങ്ങളിൽ ശ്രദ്ധേയമായ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പാക്കാനും സാമൂഹ്യസുരക്ഷാ പെൻഷൻ തടസ്സമില്ലാതെ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. ജനങ്ങൾ നൽകുന്ന നികുതിപ്പണം അവർക്കുതന്നെ പ്രയോജനപ്പെടുന്ന രീതിയിൽ ചെലവഴിക്കാനും സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കും. സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 17000 കോടി രൂപയുടെ കുറവ് വരുത്തിയിരിക്കുകയാണ്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭിച്ചിട്ടില്ല. സാമ്പത്തിക

പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. കിഫ്ബി കടമെടുക്കൽ ഭരണഘടനയുടെ ലംഘനവും കിഫ്ബിയിലെ നിയമനങ്ങൾ ചട്ട വിരുദ്ധവുമാണ്. കിഫ്ബിയുടെ മുൻകാല പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതികൾ വരുമാനദായകമായിരുന്നില്ല. കിഫ്ബിയുടെ സാമ്പത്തിക ഇടപാടുകളും കണ്ണൂരിൽ ഭൂമി ഏറ്റെടുത്തതും സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതാണ്. മുൻസർക്കാർ യഥാസമയം ടെൻഡർ സമർപ്പിക്കാതിരുന്നതിനാലാണ് മരുന്ന് ക്ഷാമം ഉണ്ടായത്. തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വികസന പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

(മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇടപെട്ട് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് എൽ.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഉപധനാഭ്യർഥനകളും അധിക ധനാഭ്യർഥനകളും അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള

ഉപധനാഭ്യർഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും 2016-17, 2017-18, 2018-19, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർഥനകളും ചർച്ച കൂടാതെ സഭ പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.52-ന് പിരിഞ്ഞു.)